**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1258** **12-02-2025 - ൽ മറുപടിയ്ക്ക്**

**സ്ഥലം ഏറ്റെടുപ്പ് നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. അബ്ദുൽ ഹമീദ് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | വള്ളിക്കുന്ന് നിയോജകമണ്ഡലത്തിലെ ചാലിയാർ തോടിന് കുറുകെ ഇരുമ്പോത്തിങ്ങൽ പാലം നിർമ്മിക്കുന്നതിനും, വള്ളിക്കുന്ന്- ബേപ്പൂർ നിയോജകമണ്ഡലങ്ങളെ ബന്ധിപ്പിക്കുന്ന പുല്ലിപ്പുഴയ്ക്ക് കുറുകെ മുനമ്പത്ത് കടവ് പാലം നിർമ്മിക്കുന്നതിനും പാലങ്ങൾക്കും അനുബന്ധ റോഡുകൾക്കുമായും സ്ഥലം ഏറ്റെടുക്കുകയും ചെയ്യുന്ന നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ; | (എ) | വള്ളിക്കുന്ന് നിയോജകമണ്ഡലത്തിലെ ഇരുമ്പോത്തിങ്ങൽ പാലം നിർമ്മാണത്തിനുള്ള സ്ഥലമേറ്റെടുക്കൽ നടപടികൾക്കായി അർത്ഥനാ പത്രവും അനുബന്ധ രേഖകളും സഹിതമുള്ള അപേക്ഷ23.01.2025 തീയതിയിൽ ചീഫ് എഞ്ചിനീയർ സമർപ്പിച്ചിട്ടുള്ളത് വിശദമായി പരിശോധിച്ചുവരുന്നു. വള്ളിക്കുന്ന് - ബേപ്പൂർ നിയോജകമണ്ഡലങ്ങളെ ബന്ധിപ്പിക്കുന്ന മുനമ്പത്ത് കടവ് പാലം നിർമ്മാണത്തിനുള്ള സ്ഥലമേറ്റെടുക്കൽ നടപടികൾക്കായി അർത്ഥനാ പത്രവും അനുബന്ധ രേഖകളും സഹിതമുള്ള അപേക്ഷ 24.01.2025 തീയതിയിൽ ചീഫ് എഞ്ചിനീയർ സമർപ്പിച്ചത് നിലവിൽ റവന്യൂ വകുപ്പിന്റെ പരിഗണനയിലാണ്. |
| (ബി) | പ്രസ്തുത വിഷയം സംബന്ധിച്ച് പൊതുമരാമത്ത് വകുപ്പ് പാലങ്ങൾ വിഭാഗം ചീഫ് എൻജിനീയർ നൽകിയ ശിപാർശയിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (ബി) | എ പിരിവിന്റെ അതേ മറുപടി |

സെക്ഷൻ ഓഫീസർ